LIBRARY ARCHIVES Kerala Legislative Assembly

മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികളുടെ കുടിശ്ശിക

130 [1848] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2004-05 വർഷത്തെ ബഡ്ജറ്റിൽ മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിന് വകയിരുത്തിയ തുകയിൽ നിന്ന് എത്ര തുകയാണ് വകമാറ്റി ചെലവാക്കിയതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതുമൂലം മത്സ്യത്തൊഴിലാളികൾക്കുള്ള പെൻഷൻ ഉൾപ്പെടെയുള്ള ക്ഷേമപദ്ധതികൾ മുടങ്ങിയിട്ടുണ്ടോ ;

(സി) ഏതെല്ലാം ആനുകൂല്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് കുടിശ്ശികയായി നൽകാനുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വകമാറ്റി ചെലവഴിച്ചിട്ടില്ല.

(ബി) ബാധകമല്ല.

(സി) വാർദ്ധക്യകാല പെൻഷനും മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള ധനസഹായവുമാണ് കുടിശ്ശികയായിട്ടുള്ളത്. കുടിശ്ശിക കൊടുത്തു തീർക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പാലക്കാട് ജില്ലയിലെ എസ്.എൽ.ആർ. ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി

131 [1849] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-3-1997 മുതൽ പ്രാബല്യത്തിൽ വന്ന എസ്.എൽ.ആർ. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണവും മറ്റ് ആനുകൂല്യങ്ങളും ഫിഷറീസ് വകുപ്പിൽ നടപ്പിലാക്കുകയുണ്ടായോ ; ഇല്ലെങ്കിൽ ഇവ നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ബി) പാലക്കാട് ജില്ലയിൽ ഫിഷറീസ് വകുപ്പിൽ നിലവിൽ എത്ര എസ്. എൽ. ആർ. ജീവനക്കാരുണ്ട് ; ഇവർക്ക് ഇപ്പോൾ കിട്ടുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണ് ; ഇവരെ സ്ഥിരപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കാമോ ?